മറ്റു ഹിന്ദുക്കൾ.

കണിയാൻ	8
കുരുക്കൾ	5
ഉണ്ണി	5
വെളുത്തേടൻ	5
ക്രിസ്ത്യാനി	2

MR. THARATHU KUNJITHOMMEN : ക്രിസ്ത്യാനികളെ പൊതുവായി ക്രിസ്ത്യാനികൾ എന്നു പറയുകയും ഹിന്ദുക്കളെ മാത്രം വിഭാഗം തിരിച്ചു പറയുകയും ചെയ്യാൻ കാരണമെന്താണ് ?

HON'BLE MR. E. K. MADHAVAN : ക്രിസ്ത്യാനികളിൽ നിരവധി വിഭാഗങ്ങൾ ഉള്ളതായി ഗവണ്മെൻറിനറിയാം. എന്നാൽ ഇതിൽ ക്രിസ്ത്യാനികളായി രണ്ടുപേരെ ഉള്ളൂ എന്നുള്ളതുകൊണ്ടും ആ രണ്ടുപേർ, ഒരു തരത്തിലും രണ്ടിലധികം വിഭാഗങ്ങളിൽപെടാൻ ഇടയില്ലെന്നുള്ളതുകൊണ്ടും അങ്ങനെ പറഞ്ഞു എന്നേയുള്ളൂ.

MR. THARITHU KUNJITHOMMEN : രണ്ടു ഈഴവരേയുള്ളുവെങ്കിൽ അവരെ ഈഴവരെന്നു പറയുമോ ഹിന്ദു എന്നു പറയുമോ ? ഇവിടെ ഇപ്പോൾ വിഭാഗം തിരിച്ചാണല്ലോ പറഞ്ഞുകേട്ടത്. ആ സ്ഥിതിക്കു ക്രിസ്ത്യാനിയേയും അതുപോലെ പറയേണ്ടതല്ലേ?

HON'BLE MR. E. K. MADHAVAN : അവാന്തര വിഭാഗങ്ങളെപ്പറ്റി പ്രത്യേകം ചോദിക്കാത്തതുകൊണ്ടു ഇങ്ങനെ പറഞ്ഞുവെന്നേയുള്ളൂ.

MR. THARIATHU KUNJITHOMMEN : ഹിന്ദുക്കളെ നായർ, ഈഴവർ, എന്നൊക്കെ അവാന്തരവിഭാഗങ്ങളായി തിരിച്ചിരിക്കുന്നതുപോലെ പബ്ലിക്ക് സർവീസ് റിക്രൂട്ടുമെൻറു ചട്ടങ്ങളിൽ ക്രിസ്ത്യാനികളേയും അവാന്തരവിഭാഗങ്ങളായി തിരിച്ചു വ്യവസ്ഥ ചെയ്തിരിക്കെ ഇപ്പോൾ അതിനു വ്യത്യസ്തമായി പറയാൻ കാരണമെന്താണ് ?

MR. K. K. CHELLAPPAN PILLAI : രോഗികളുടെ ജാതി തിരിച്ചുള്ള പട്ടിക ഗവണ്മെൻറു തയാറാക്കിയിട്ടുണ്ടോ ?

HON'BLE MR. E. K. MADHAVAN : ഉണ്ട്, ചോദിച്ചാൽ പറയാനും തയാറാണ്.

Conservator of Forests.

*268. MR. P. T. CHACKO : Will the Honourable Minister for Forests be pleased to state:

(a) whether the present Conservator of Forests is a pensioned officer of any other Government;

(b) his age;

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. T. Chacko.]

(*c*) whether he is still a patient undergoing medical treatment;

(*d*) whether the Government required him to furnish a medical certificate;

(*e*) whether he is now fit to do any work involving physical strain?

HON'BLE MR. T. K. NARAYANA PILLAI. (*a*) yes.

(*b*) 56

(*c*) Government have no information.

(*d*) Yes

(*e*) Yes; that is what the latest medical report shows.

MR. P. T. CHACKO : ഈ കൺസർവേറ്റർ ഇപ്പോൾ ജോലി ചെയ്യുന്നതിന് കഴിവുള്ള ആളാണെന്നുള്ളതിന് വല്ല സർട്ടിഫിക്കറ്റുമുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : മെഡിക്കൽ ബോർഡിൽ നിന്നും സർട്ടിഫൈ ചെയ്തിട്ടുണ്ട്.

MR. P. T. CHACKO : അദ്ദേഹത്തിന്റെ രോഗം Spinal tuberculosis ആണെന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : അദ്ദേഹത്തിന്റെ രോഗം Caries spine ആണെന്നാണ് മെഡിക്കൽബോർഡ് പറഞ്ഞിട്ടുള്ളത്.

MR. P. T. CHACKO : ആ രോഗം പരിപൂർണ്ണമായി ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്തതാണെന്നും എത്ര ചികിത്സിച്ചാലും അങ്ങോട്ടുമിങ്ങോട്ടും നടക്കാൻപാടില്ലാതെ സ്റ്റിഫ് ആയിട്ട് ഇരിക്കേയുള്ളുവെന്നും അറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : പരിപൂർണ്ണമായി ഭേദപ്പെടുകയില്ലെന്ന് മെഡിക്കൽബോർഡ് പറഞ്ഞിട്ടുണ്ട്. എന്നാൽ ജോലിചെയ്യാൻ പ്രാപ്തിയുണ്ടെന്നും മെഡിക്കൽബോർഡ് സർട്ടിഫൈ ചെയ്തിട്ടുണ്ട്.

MR. S. KUTTAN (*Veyyattinkara I—General*): എപ്പോഴാണ് ഈ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLI : ഒന്നാമത്തെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളത് നവംബർ മാസത്തിൽ ആണ്. രണ്ടാമത്തേത് ഫെബ്രുവരിയിൽ ആണ്. മൂന്നാമത്തെ സർട്ടിഫിക്കറ്റ് ഫെബ്രുവരിയിൽ ഹാജരാക്കേണ്ടതാണ്.

MR. P. T. CHACKO : ഈ സർട്ടിഫിക്കറ്റുകളും അദ്ദേഹത്തിന്റെ തൊൽത്തിനെ സംബന്ധിച്ചാണോ അതോ ഫിറ്റ്നസിനെ സംബന്ധിച്ചാണോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : ഫിറ്റ്നസിനെ സംബന്ധിച്ചാണ്.

MR. P. BALAKRISHNAN TAMPI: Sir, may I ask whether the present Conservator is not one of those officers who are considered to be greatest Forest Experts in the whole of India and that he is the recipient of medals from the premier Forest College in India and that he has been is benifitted by foreign travel as well.

HON'BLE MR. T. K. NARAYANA PILLAI : അങ്ങേഹം വിദേശരാജ്യങ്ങളിൽ പോയിട്ടുണ്ടെന്നറിയാം. മെഡലുകൾ കിട്ടിയിട്ടുണ്ടോ എന്നറിഞ്ഞുകൂടാ.

MR. P. T. CHACKO : ഏതായാലും അങ്ങേഹത്തിന് ഇപ്പോൾ നടക്കാൻ കഴിവില്ലെന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : നടക്കാൻ കഴിവുണ്ടെന്നാണ് അറിവ്.

MR. ABDUL AZIZ, (*Trivandrum I—Muslim*) : ഫോറസ്റ്റ് കൺസർവേറേറന്മാർ ആരോഗ്യദൃഢഗാത്രന്മാരായിരിക്കണമെന്ന് വല്ല വ്യവസ്ഥയുമുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അങ്ങനെ ജി. ഒ. വുള്ളതും ഉണ്ടോയെന്ന് അറിഞ്ഞുകൂടാ. എന്നാൽ ജോലിചെയ്യത്തക്കവണ്ണം ആരോഗ്യമുള്ളവർ ആയിരിക്കണമെന്ന് അറിയാം.

Chengannur Taluk.

*269. MR. KANNARA GOPALA PANICKER: Will the Hon'ble Minister for Land be pleased to state:

(*a*) whether the Government in their letter ROC No. 9536/46/Rev., dated 21st November 1946 ordered that the question of the establishment of Chengannur taluk will be considered along with the delimitation of the constituency; and

(*b*) if the answer to (a) is in the affirmative the action taken so far in the matter?

HON'BLE MR. T. K. NARAYANA PILLAI: (*a*) Yes

(*b*) This does arise as delimitation would come up only after the new constitution is enacted.

MR. KANNARA GOPALA PANICKER : ഫ്രാഞ്ചൈസ് ഡിലിമിറ്റേഷൻ ഇതിനെ സംബന്ധിക്കുകയില്ലേ?

HON'BLE MR. T. K. NARAYANA PILLAI : ഇതു് ഫ്രാഞ്ചൈസ് ഡീലിമിറ്റേഷനെ സംബന്ധിക്കുന്നതല്ല.

MR. KANNARA GOPALA PANICKER : ഇതിനുമുമ്പു് ചെങ്ങന്നൂർ ഒരു പ്രത്യേക താലൂക്കായിരുന്നു എന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly